**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5954** **25-03-2025 - ൽ മറുപടിയ്ക്ക്**

**വൈദ്യുതി കണക്ഷൻ അന്യായമായി വിഛേദിച്ച സംഭവം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ് | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കുട്ടനാട് എടത്വയിൽ ഹോട്ടലിന്റെ വൈദ്യുതി കണക്ഷൻ അന്യായമായി വിഛേദിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (എ) | കുട്ടനാട് എടത്വയിൽ ഹോട്ടലിന്റെ വൈദ്യുതി കണക്ഷൻ അന്യായമായി വിഛേദിക്കപ്പെട്ടിട്ടുളളത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | കൺസ്യൂമർ നമ്പർ 1155074012121 കഫേ 8 ഹോട്ടലിന്റെ വൈദ്യുതി കണക്ഷൻ വിച്ഛേദിക്കേണ്ട തീയതി 2025 മാർച്ച് 11 ആയിരിക്കെ മാർച്ച് 7-ാം തീയതി ഹോട്ടലിൽ ഭക്ഷണസാധനങ്ങൾ അടക്കം സൂക്ഷിച്ചിരിക്കെ അന്യായമായി വൈദ്യുതി വിച്ഛേദിച്ചതു മൂലം ഉണ്ടായിട്ടുള്ള നഷ്ടം ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കി നൽകുന്നതിനും അവർക്കെതിരെ കർശന ശിക്ഷാനടപടി സ്വീകരിക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (ബി) | കഫേ 8 ഹോട്ടലിന്റെ (കൺസ്യൂമർ നമ്പർ 1155074012121) ജനുവരി മാസത്തിലെ വൈദ്യുതി ഉപഭോഗത്തിന് അനുസരിച്ച് ബിൽ നൽകിയിരുന്നത് ഫെബ്രുവരി മാസം 5-ാം തീയതി (05.02.2025) ആണ്. വൈദ്യുതി ചാർജ്ജ് അടയ്ക്കേണ്ടിയിരുന്ന അവസാന തീയതി 2025 മാർച്ച് മാസം 2-ാം തീയതി ആയിരുന്നു. എന്നാൽ വൈദ്യുതി ചാർജ്ജ് അടയ്ക്കാതിരുന്നതിന് വൈദ്യുതി വിഛേദിച്ചത് 2025 മാർച്ച് മാസം 7-ാം തീയതി മാത്രം ആയിരുന്നു. സപ്ലൈ വിഛേദിക്കുന്നതിന് മുൻപ് തന്നെ, ഈ പ്രിമൈസസിൽ ഫെഡറൽ ബാങ്ക് അധികാരികൾ ജപ്തി നടപടികൾ സ്വീകരിച്ചിരുന്നതിനാൽ, ടി ബാങ്ക് മാനേജരുടെ സാന്നിദ്ധ്യത്തിലാണ് 7-ാം തീയതി ഡിസ്കണക്ഷൻ നടത്തിയത്. ഈ തീയതിക്കു മുമ്പേ തന്നെ, ഹോട്ടലിന്റെ പ്രവർത്തനം നിലച്ചിരുന്നു. നിയമ പ്രകാരമുള്ള നടപടികൾ മാത്രമാണ് വൈദ്യുതി ബോർഡ് ജീവനക്കാർ നടപ്പിലാക്കിയത്. ആയതിനാൽ, ശിക്ഷാ നടപടികൾ സ്വീകരിക്കേണ്ടുന്ന സാഹചര്യം നിലവിലില്ല. |
| (സി) | മാസം തോറും ശരാശരി 48000 രൂപ വൈദ്യുതി ചാർജ് ഇനത്തിൽ വന്നു കൊണ്ടിരുന്ന ഈ ഹോട്ടലിന് ഏകദേശം ഒൻപതു ദിവസത്തോളം അടച്ചിട്ടിരുന്ന മാസത്തിൽ 86000 ത്തോളം രൂപ വൈദ്യുതി ചാർജ് ചുമത്തിയത് എന്ത് അടിസ്ഥാനത്തിലാണെന്ന് വിശദമാക്കുമോ; | (സി) | ഫെബ്രുവരി മാസം നൽകിയ ബിൽ തുക അടയ്ക്കാതിരുന്നതിനാൽ, മാർച്ച് മാസം ആദ്യം നൽകിയ ബില്ലിൽ, ആ തുകയും കൂടി ചേർത്തു ആകെ 86,601/- രൂപയാണ് ബിൽ തുകയായി വന്നിട്ടുള്ളത്. |
| (ഡി) | കൃത്യമായി വൈദ്യുതി ചാർജ് അടച്ചു വരുന്നതും ഭക്ഷണസാധനങ്ങൾ സൂക്ഷിക്കുന്നതുമായ ഇത്തരം സ്ഥാപനങ്ങളിൽ വൈദ്യുതി വിച്ഛേദിക്കുമ്പോൾ | (ഡി) | വൈദ്യുതി ചാർജ്ജ് സമയബന്ധിതമായി അടയ്ക്കാത്ത ഉപഭോക്താക്കളുടെ കണക്ഷൻ ഡിസ്കണക്റ്റ് ചെയ്യുന്നതിന് കെ.എസ്.ഇ. ബി.എൽ. വ്യക്തമായ |

| | | | |
|---|---|---|---|
| | ചട്ടങ്ങൾ പാലിക്കുന്നതിന് ഉദ്യോഗസ്ഥർക്ക് നിർദേശം നൽകുമോ; അത് പാലിക്കാത്ത ഉദ്യോഗസ്ഥർക്കെതിരെ ശക്തമായ ശിക്ഷാനടപടികൾ സ്വീകരിക്കാൻ നിർദേശം നൽകുമോ; വിശദാംശം ലഭ്യമാക്കുമോ; | | മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഡിസ്കണക്ഷൻ സംബന്ധിച്ചുള്ള മാനദണ്ഡങ്ങൾ പാലിക്കാത്തവർക്കെതിരെ അനുയോജ്യമായ നടപടി സ്വീകരിക്കാറുമുണ്ട്. |
| (ഇ) | ഈ സ്ഥാപനത്തിലെ വൈദ്യുതി വിച്ഛേദിച്ചത് സംബന്ധിച്ച് വകുപ്പുതല വിജിലൻസ് അന്വേഷണം നടത്തുമോ; വിശദാംശം ലഭ്യമാക്കുമോ? | (ഇ) | പ്രസ്തുത സ്ഥാപനത്തിലെ വൈദ്യുതി വിച്ഛേദിക്കലുമായി ബന്ധപ്പെട്ട് നിയമവി രുദ്ധമായ നടപടികൾ ഒന്നുംതന്നെ നടന്നിട്ടില്ലാത്തതിനാൽ വകുപ്പുതല വിജിലൻസ് അന്വേഷണം നടത്തേണ്ടുന്ന ആവശ്യം നിലവിലില്ല. |

സെക്ഷൻ ഓഫീസർ